"ഭരണഭാഷ മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള
CIN:U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ടെലഫോൺ നമ്പർ: 0471 2514554 ഇമെയിൽ : safetykseb@gmail.com

N0. Minutes/CSC level safety meeting /2024-25/ 9/17.5.2024

03-05-2024 ന് പകൽ 02. 00 ന് വീഡിയോ കോൺഫറൻസ് മുഖേനെ കൂടിയ സി എസ് സി ലെവൽ സുരക്ഷാ യോഗത്തിന്റെ നടപടി കുറിപ്പ്. .

യോഗത്തിൽ പങ്കെടുത്തവർ

വിതരണ /പ്രസരണ / ഉത്പാദന വിഭാഗത്തിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ , ചീഫ് സേഫ്റ്റി ഓഫീസർമാർ , സേഫ്റ്റി ഓഫീസർമാർ

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പകൽ 02.00 -ന് വീഡിയോ കോൺഫറൻസിംഗിലൂടെ യോഗ നടപടികൾ ആരംഭിച്ചു. സേഫ്റ്റി ഓഫീസർമാർ എല്ലാപേരും പങ്കെടുത്തിട്ടുണ്ടോ എന്ന് ചീഫ് സേഫ്റ്റി ഓഫീസർമാരോട് അദ്ധ്യക്ഷൻ ആരായുകയും എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

അദ്ധ്യക്ഷൻ

12.02.2024 നാണ് അവസാന യോഗം നടന്നത്.കഴിഞ്ഞ വർഷം 6 വീതം ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും മാരകമായ അപകടം ബോർഡ് പ്രതിഷ്ഠാപനത്തിൽ നിന്നും സംഭവിച്ചു എന്നാൽ ഈ വർഷം ഇതുവരെ മാരകമായ അപകടങ്ങൾ നമ്മുടെ ജീവനക്കാർക്ക് ഉണ്ടായില്ല എങ്കിലും ധാരാളം മാരകമല്ലാത്ത അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മൾ ഇത്രയും നാൾ സുരക്ഷയ്ക്ക് വേണ്ടി ചെയ്ത കാര്യങ്ങൾ ഒന്നും പൂർണ്ണമായും ഫല പ്രാപ്തി കണ്ടില്ല എന്നുള്ളതാണ് ഇതിൽ നിന്നും മനസ്സിലാകുന്നത് എന്ന് അദ്ദേഹം പറഞ്ഞു . ഫീഡിംഗ് അറെഞ്ച്മെന്റിൽ ശ്രദ്ധിക്കാതെയും എർത്ത് ചെയ്യാതെയും ,AB യുടെ പൊസിഷൻ എങ്ങനെ ആണെന്ന് നോക്കാതെയും സപ്ലൈ ഉണ്ടോ എന്ന് നോക്കാതെയും ഒക്കെ വർക്ക് ചെയ്യുന്നതാണ് ഈ അപകടങ്ങൾ ക്ക് പ്രധാനമായും കാണുന്ന കാരണങ്ങൾ.. ഇത്തരത്തിലുള്ള സുരക്ഷാ വീഴ്ചകൾ എന്ത് കൊണ്ടാണെന്ന് മനസ്സിലാക്കുകയും അത്

റിപ്പോർട്ട് ചെയ്യുകയും വേണം..കൂടാതെ അപകടങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ടി അപകടം ഉണ്ടായത് എങ്ങനെയാണെന്നും ആരുടെ നിരുത്തരവവാദിത്വം കൊണ്ടാണെന്നും വിശദമായി റിപ്പോർട്ട് നൽകണം.

സൺറൈസ് മീറ്റിങ്ങുകളിൽ സെക്ഷൻ ഓഫീസർമാർ കൃത്യമായും പങ്കെടുക്കണം. സേഫ്റ്റി ഓഫീസർ മാർ എല്ലാ ആഴ്ചയും അവരുടെ ഓഫീസിനു കീഴിലുള്ള ഓഫീസുകൾ സന്ദർശിക്കുകയും ജീവനക്കാർക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ നിരന്തരമായി നൽകുകയും വേണം. സുരക്ഷാ മുൻകരുതലുകൾ എടുക്കണം എന്ന് നിരന്തരം പറഞ്ഞിട്ടും അത് പാലിക്കാതെ സ്ഥിരമായി വർക്ക് ചെയ്യുന്നവർക്കെതിരെ കൃത്യമായി നടപടികൾ എടുക്കണം.

സേഫ്റ്റി ഓഫീസർ മാർ അവരവരുടെ ഓഫീസിനു കീഴിലുള്ള ഓഫീസുകളിൽ ട്രാൻസ്ഫർ ആയി വരുന്ന ജീവനക്കാരോട്, വർക്ക് ചെയ്യുന്നതിലുള്ള അവരുടെ അറിവിനെ കുറിച്ച ചോദിച്ച മനസ്സിലാക്കി അവർക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകണം.

ഇപ്പോഴത്തെ ചൂട് കൂടിയ കാലാവസ്ഥയെ കുറിച്ചും അതുകാരണം നമ്മുടെ നെറ്റ്‌വർക്കിൽ ഉണ്ടാകുന്ന ദോഷങ്ങളെ കുറിച്ചും പറയുകയും അതുമൂലമുണ്ടാകുന്ന അപകടങ്ങൾ മറികടക്കുവാൻ നാം ഓരോരുത്തരും ജാഗരൂഗർ ആയിരിക്കണമെന്നും കൂടാതെ ഊർജ്ജ സംരക്ഷണത്തിൽ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചു.

B-Alert വാച്ചിന്റെ നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ടു പോകുന്നുണ്ട്.

അപകടത്തിനെതിരെ അച്ചടക്ക നടപടി സമയബന്ധിതമായി തന്നെ എടുക്കുകയും അത് തീർപ്പാക്കുകയും വേണം.

മീറ്റിങ്ങിനോടനുബന്ധിച്ച് 2024 ഫെബ്രുവരി- മാർച്ച് മാസങ്ങളിൽ ഉണ്ടായ അപകടത്തിൻറെ വിവരങ്ങളും കാരണങ്ങളും അവയ്ക്കുള്ള പരിഹാര മാർഗങ്ങളും ഉൾപ്പെട്ട പവർ പോയിൻറ് പ്രസന്റേഷൻ സുരക്ഷാ വിഭാഗത്തിലെ അസിസ്റ്റൻറ് എൻജിനീയർ അനന്തകൃഷ്ണൻ അവതരിപ്പിച്ചു.

തുടർന്ന് അവരവരുടെ സർക്കിളിനു കീഴിൽ റിവ്യു പീരിഡിൽ സംഭവിച്ച അപകടങ്ങളെ കുറിച്ച് ചീഫ് സേഫ്റ്റി ഓഫീസർമാർ സംസാരിച്ചു.

കൊല്ലം സർക്കിളിനു കീഴിൽ ബോർഡ് പ്രതിഷ്ഠാപനത്തിൽ നിന്നും രണ്ടു മാരകമല്ലാത്ത അപകടം ഉണ്ടായതിൽ ഒന്നു ശൂരനാട് സെക്ഷന് കീഴിൽ ബോർഡ് ജീവനക്കാരൻ പോസ്റ്റിൽ കയറിയപ്പോൾ തെന്നി വീണതുമൂലം പരിക്ക് പറ്റിയതാണെന്നും മറ്റൊന്ന് കണ്ണനല്ലൂർ സെക്ഷന് കീഴിൽ ഉത്സവമുമായി ബന്ധപെട്ടു കെട്ടുകാഴ്ച്ച പോയപ്പോൾ പുറത്തിരുന്ന പൊതുജനത്തിന് സ്ട്രീറ്റ്മെയി നിൽ നിന്നും ഷോക്ക് കിട്ടി താഴെ വീണു പരിക്ക് പറ്റിയതായും കെട്ടുകാഴ്ച്ച പോയ ഭാഗത്തെ LT സപ്ലൈ ഓഫ് ചെയ്തിരുന്നു എന്നാൽ സ്ട്രീറ്റ്മെയി ൻ ലൂപ്പ് ചെയ്തു നല്കിയിരുന്നതുമൂലം ലൈവ് ആയിരുന്നു എന്നും കൊല്ലം ചീഫ് സേഫ്റ്റി ഓഫീസർ പറഞ്ഞു. ഇത്തരത്തിലുള്ള അപകടം ഒഴിവാക്കുന്നതിനാണ് കഴിഞ്ഞ മീറ്റിംഗിൽ സ്ട്രീറ്റ്മെയിൻ പ്രത്യേകം ഫ്യൂസ് ഉപയോഗിച്ച് ഐസൊലേറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നതെന്നും അതിൻറെ നടപടി എന്തായി എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ ആരാഞ്ഞപ്പോൾ ഫീൽഡിൽ നിർദ്ദേശം നല്കിയിട്ടുള്ളതായും അത് ചെയ്തു വരുന്നതായും സേഫ്റ്റി ഓഫീസർ ശ്രീമതി ജാസ്മിൻ മറുപടി നൽകി. കെട്ടുകാഴ്ച്ചയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു.

തിരുവനന്തപുരം സർക്കിളിനു കീഴിൽ തിരുമല സെക്ഷനിൽ 20.02.2024 ന് ഏണിയിൽ നിന്നു സ്പെയ്സർ ഇടാൻ ശ്രമിച്ചപ്പോൾ തെന്നി വീണ് കരാർ ജീവനക്കാരന് പരിക്കുപറ്റിയതായും ട്രാൻസ്ഫോർമർ പോയിന്റിൽ എർത്ത് ചെയ്തിരുന്നു, എന്നാൽ ലൈൻ എർത്ത് ചെയ്തിരുന്നില്ല എന്നും കൂടാതെ ഇപ്പോൾ അദ്ദേഹം പരാതിയുമായി വന്നിട്ടുണ്ടെന്നും ചീഫ് സേഫ്റ്റി ഓഫീസർ പറഞ്ഞു. സ്പെയ്സർ ഇടാൻ വണ്ടി തന്നെ ഉപയോഗിക്കണം എന്നും വണ്ടി പോകാത്ത ഉള്ളിലുള്ള സ്ഥലങ്ങളിൽ Tripod ഉപയോഗിക്കണം എന്നും ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

പത്തനംത്തിട്ട ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ കുമ്പനാട് സെക്ഷനിൽ 29.02.2024 ന് കരാർ ജീവനക്കാരന് ഉണ്ടായ മാരകമല്ലാത്ത അപകടത്തെ കുറിച്ച് ചീഫ് സേഫ്റ്റി ഓഫീസർ വിശദീകരിക്കുകയും കാരണക്കാരനായ സബ് എഞ്ചിനീയർക്ക് മെമ്മോ ഓഫ് ചാർജ് നൽകിയതായും അറിയിച്ചു. ടി വർക്ക്, ശെരിയായ രീതിയിൽ എർത്തിംഗ് ചെയ്യാതെ വേണ്ട രീതിയിലുള്ള സൂപ്പർ വിഷൻ ഇല്ലാതെ non standard ആയിട്ടാണ് ചെയ്തതെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ പറഞ്ഞു.

പെരുമ്പാവൂർ ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ മൂവാറ്റുപുഴ നമ്പർ II സെക്ഷനിൽ 27.02.2024 ൽ HT annual maintenance ൻറെ ഭാഗമായി HT premises ൽ വർക്ക് ചെയ്യുവാൻ വേണ്ടി feeding arrangement ൽ ശ്രദ്ധിക്കാതെ cable ഡിസ്ചാർജ് ചെയ്യാൻ ശ്രമിക്കുന്നതിനിടയിൽ flash over ഉണ്ടാകുകയും ഇലക്ട്രിസിറ്റി വർക്കറുടെ കൈകൾക്ക് പൊള്ളൽ ഏൽക്കുകയും ഉണ്ടായി എന്നും ടി വർക്ക് സൂപ്പർവൈസർ ആയ സബ് എഞ്ചിനീയർക്ക് മെമ്മോ ഓഫ് ചാർജ് നൽകിയതായും വെള്ളൂർക്കുന്നം സേഫ്റ്റി ഓഫീസർ അറിയിച്ചു. കൂടാതെ മൂവാറ്റുപുഴ നമ്പർ II സെക്ഷനിൽ 27.03.2024 ൽ ബ്രേക്ക് ഡൌൺ പരാതി പരിഹരിച്ച ശേഷം ലൈൻമാൻ ട്രാൻസ്ഫോർമർ ചാർജ് ചെയ്യുവാൻ വേണ്ടി HRC ഫ്യൂസ് ഇടാൻ ശ്രമിക്കുന്നതിനിടയിൽ പ്ലയർ സ്ലിപ് ചെയ്തു busbar ൽ സ്പർശിച്ചതുമൂലം flash over ഉണ്ടാകുകയും ജീവനക്കാരന് പൊള്ളലേൽക്കുകയുണ്ടായി എന്ന് അദ്ദേഹം പറഞ്ഞു. ടി വർക്ക് ചെയ്യുന്ന സമയത്ത് ലൈൻ മാൻ ഗ്ലൗസ് ഉപയോഗിച്ചിരുന്നില്ല എന്ന് ചീഫ് സേഫ്റ്റി കമ്മിഷണറുടെ ചോദ്യത്തിന് മറുപടി ആയി സേഫ്റ്റി ഓഫീസർ പറഞ്ഞു.

ഇത്തരത്തിലുള്ള അപകടം ആവർത്തിക്കാതിരിക്കാൻ എല്ലാ **സേഫ്റ്റി ഓഫീസർമാരും** അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ ജീവനക്കാർ PPE ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കണം എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു.

01.02.2024 ന് തൊടുപുഴ ട്രാൻസ്മിഷൻ സർക്കിളിന് കീഴിൽ റയോൺപുരം സബ്സ്റ്റേഷനിൽ കരാർ ജീവനക്കാരന് ഉണ്ടായ മാരകമല്ലാത്ത (പൊള്ളൽ) അപകടത്തെ കുറിച്ച് കുറുപ്പംപടി സേഫ്റ്റി ഓഫീസർ വിശദീകരിച്ചു. ഇതിൽ നിന്നും വിതരണ മേഖലയുടെ ഭാഗത്താണ് തെറ്റെന്നു മനസ്സിലാകുന്നതെന്നും ഇതിനെതിരെ എന്തു നടപടി എടുത്തു എന്നും ചീഫ് സേഫ്റ്റി കമ്മിഷണർ ആരാഞ്ഞപ്പോൾ സബ് എഞ്ചിനീയർക്ക് മെമ്മോ ഓഫ് ചാർജ് നൽകിയിട്ടുണ്ട് എന്ന് സെൻട്രൽ (എറണാകുളം) ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ മറുപടി നൽകി.

തൃശ്ശൂർ സർക്കിളിനു കീഴിലെ പാവറട്ടി സെക്ഷനിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് വേണ്ടി ഇന്റർ ലിങ്ക് പോളിൽ കയറി ഡെഡ് സ്പാൻ ആണോ എന്ന് നോക്കാതെയും എർത്ത് ചെയ്യാതെയും ക്രോസ് ആം ഫിറ്റ് ചെയ്യുന്നതിനിടെ കരാർ ജീവനക്കാരന് ഷോക്ക് കിട്ടിയതായും കുനാമൂച്ചി സെക്ഷനിൽ വണ്ടി ഇടിച്ചു കേടായ HT/LT പോസ്റ്റ് പുതിയ പോസ്റ്റ് സ്ഥാപിച്ചതിനു ശേഷം ടെമ്പററി സ്റ്റേകൾ സ്ഥാപിച്ചു മാറ്റുന്നതിനിടയിൽ കേടായ HT/LT പോസ്റ്റ് പൊട്ടി വീണ് കരാർ ജീവനക്കാരന് മാരകമല്ലാത്ത അപകടം സംഭവിച്ചതായും ചീഫ്

സേഫ്റ്റി ഓഫീസർ പറഞ്ഞു.

ഡെഡ്സ്പാനിൽ നിന്നും താൽകാലികമായി കണക്ഷൻ നൽകുകയാണെങ്കിൽ ആവശ്യം കഴിഞ്ഞാൽ ഡെഡ് സ്പാൻ പുന:സ്ഥാപിക്കണം എന്നും പോസ്റ്റ് അപകടാവസ്ഥയിൽ ഉള്ളപ്പോൾ ആവശ്യത്തിനു ടെമ്പററി സ്റ്റേകൾ സ്ഥാപിക്കണം എന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു.

കോഴിക്കോട് സർക്കിളിനു കീഴിലെ വെള്ളിമാടുകുന്ന് സെക്ഷനിൽ രണ്ടു ലൈൻ മാൻ മാർ അനധികൃതമായി സെക്ഷന് കീഴിലെ ഒരു ഉപഭോക്താവിന്റെ തെങ്ങിന്റെ ഓല വീണ് കേടായ സർവ്വീസ് വയർ replace ചെയ്യുവാൻ ലൈൻ ഓഫ് ചെയ്യാതെയും എർത്ത് ചെയ്യാതെയും ഒരാൾ പോസ്റ്റിൽ കയറി സർവിസ് വയർ . കട്ട് ചെയ്യുവാൻ ശ്രമിക്കുന്നതിനിടെ യാദൃശ്ചികമായി കൈ jumper ൽ തട്ടുകയും ഷോക്ക് കിട്ടുകയും ചെയ്തുവെന്ന് ചീഫ് സേഫ്റ്റി ഓഫീസർ പറഞ്ഞു.

ടി അപകടത്തിൽ ഉത്തരവാദികളായ ജീവനക്കാരോട് explanation ചോദിച്ചിരുന്നുവെന്നും അവരുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ നടപടി എടുക്കുവാൻ ശുപാർശ ചെയ്തു കൊണ്ട് റിപ്പോർട്ട് നല്കിയിട്ടുള്ളതായി സേഫ്റ്റി ഓഫീസർ പറഞ്ഞു.

പാലക്കാട് സർക്കിളിനു കീഴിലെ ഒലവക്കോട് സെക്ഷനിൽ 01.03.2024 ന് സർവിസ് കണക്ഷൻ നൽകുന്നതിനുവേണ്ടി ഏണിയിൽ കയറിയപ്പോൾ സ്ലിപ് ചെയ്തു വീണ് ഒരു ലൈൻ മാന് പരിക്കുപറ്റിയതായി ചീഫ് സേഫ്റ്റി ഓഫീസർ അറിയിച്ചു.

താനൂർ സെക്ഷനിൽ ബോർഡ് ജീവനക്കാരന് ഉണ്ടായ മാരകമല്ലാത്ത അപകടം സർവിസ് വയർ replace ചെയ്യുവാൻ ഒരു ഉപഭോക്താവിന്റെ കെട്ടിടത്തിൽ പോയപ്പോൾ sunshade ൽ നിന്നും വീണ് പരിക്ക് പറ്റിയതാണെന്നും അല്ലാതെ ബോർഡ് പ്രതിഷ്ഠാപനത്തിൽ നിന്നും അല്ലാ എന്നും SMART ൽ അത് മാറ്റുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ചീഫ് സേഫ്റ്റി ഓഫീസർ പറഞ്ഞു.

-വടകര സർക്കിളിനു കീഴിലുണ്ടായ മാരകമല്ലാത്ത അപകടങ്ങളെ കുറിച്ചു ചീഫ് സേഫ്റ്റി ഓഫീസർ വിശദീകരിച്ചു. മുട്ടുങ്ങൽ സെക്ഷനിൽ ലൈൻ reshackle ചെയ്യുവാൻ എല്ലാ സുരക്ഷാ മുൻകരുതലുകളും പാലിച്ചുകൊണ്ട് ജോലി ചെയ്യുന്നതിനിടെ അലൂമിനിയം കമ്പി കൊണ്ട് ബോർഡ് ജീവനക്കാരൻറെ കൈവിരലിൽ മുറിവ് സംഭവിച്ചു എന്നും ട്രാൻസ്ഫോർമർ structure ൽ നിന്നും തെന്നി വീണാണ് മൂടാടി സെക്ഷനിൽ ബോർഡ് ജീവനക്കാരന് പരിക്കുപറ്റിയത് എന്നും കൊയിലാണ്ടി നോർത്ത് സെക്ഷനിൽ പൊട്ടിയ LT ഫീഡറിന്റെ കമ്പി

ജോയിന്റ് ചെയ്യുവാൻ ശ്രമിക്കുന്നതിനിടെ ന്യൂട്രൽ കണ്ടക്ടർ യാദിശ്ചികമായി അടുത്തുക്കൂ പോകുന്ന 11 കെ.വി ലൈനിൽ തട്ടുകയും ബോർഡ് ജീവനക്കാരന് ഷോക്ക് കിട്ടിയതായും CSO പറഞ്ഞു.

PMU, RDSS വർക്കുമായി ബന്ധപ്പെട്ട് എല്ലാപേരും തിരക്കിലായതിനാൽ ഇന്സ്പെക്ഷനുകൾ കുറവാണെന്നും ഈ മാസത്തോടുകൂടി അതെല്ലാം കഴിയുമെന്നും അതിനുശേഷം ഇന്സ്പെക്ഷനുകൾ കാര്യക്ഷമമാക്കാം എന്നും തിരുവനന്തപുരം ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ പറഞ്ഞു.

ജനറേഷൻ ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ മീറ്റിംഗ് റിവ്യു പീരിഡിൽ മൂലമറ്റം പവർ സ്റ്റേഷനിൽ ഒരു ഓവർസിയർക്കു വീഴ്ചയിൽ പരിക്ക് പറ്റിയതായി പറയുകയും സ്ട്രെസ് മാനേജ്മെന്റ് ക്ലാസ്സുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

സുരക്ഷാ ക്ലാസ്സുകൾ എല്ലാ സർക്കിളുകളിലും നടത്തിയതായും മോക്ക് ഡ്രിൽ സംഘടിപ്പിച്ചതായും സുരക്ഷാ യോഗങ്ങളും ഇൻസ്പെക്ഷനുകളും നടക്കുന്നുണ്ടെന്നും ട്രാൻസ്മിഷൻ നോർത്ത് ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ പറഞ്ഞു.

സുരക്ഷാ ക്ലാസ്സുകളും സുരക്ഷാ യോഗങ്ങളും കുറേ കൂടി കാര്യക്ഷമമാക്കണം എന്നും ഇടയ്ക്കിടയ്ക്ക് സേഫ്റ്റി ഓഫീസർമാർ സെക്ഷനോഫീസുകളിൽ സന്ദർശിക്കുകയും വർക്ക് സൈറ്റ് ഇൻസ്പെക്ഷൻ നടത്തണം എന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ പറഞ്ഞു. അപ്പോൾ ഫീൽഡ് ജീവനക്കാർക്ക് സുരക്ഷാ പാലിച്ചു ജോലി ചെയ്യുവാനുള്ള പ്രചോദനം ഉണ്ടാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൺ റൈസ് മീറ്റിംഗിൽ ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ ചർച്ച ചെയ്തു രേഖപ്പെടുത്തി പോകണം എന്നും stress മാനേജ്മെന്റ് ക്ലാസ്സുകൾ ജീവനക്കാർക്ക് ഇടയ്ക്കിടയ്ക്ക് നൽകണം എന്നും അദ്ദേഹം പറഞ്ഞു.

സ്ട്രീറ്റ് ലൈറ്റ് കണക്ഷൻ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ authorised ആക്കി metered കണക്ഷൻ ആക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കത്ത് നൽകേണ്ടതാണ്.

പുതുതായി ഒരു ഓഫീസിൽ ജോയിൻ ചെയ്യുന്ന ജീവനക്കാരന് ആ മേഖലയിലുള്ള വർക്കിനെ കുറിച്ച് എന്തൊക്കെ അറിയാം എന്ന് അറിയുന്നതിന് പൊതുവായിട്ട് ഒരു ചോദ്യാവലി തയ്യാറാക്കുന്നതിന് ശ്രീമതി സന്ധ്യാ ദിവാകരൻ, ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, നോർത്തിനെ കൺവീനർ ആക്കി കൊണ്ട് ഒരു കമ്മിറ്റി form ചെയ്യേണ്ടതുണ്ട്, അതിൽ ഉൽപാദന / പ്രസരണ/ വിതരണ മേഖലയിൽ നിന്നുള്ള സേഫ്റ്റി ഓഫീസർ/ ചീഫ് സേഫ്റ്റി

ഓഫീസർ എന്നിവർ വേണം അതിനുള്ള കത്ത് ഉടൻ നൽകുന്നതാണ് എന്നും അദ്ദേഹം അറിയിച്ചു.

യോഗത്തിൽ എല്ലാ സേഫ്റ്റി ഓഫീസർമാരും പങ്കെടുക്കുന്നുണ്ടോ എന്ന് ചീഫ് സേഫ്റ്റി ഓഫീസർമാർ ഉറപ്പാക്കുകയും പങ്കെടുത്തിട്ടില്ലയെങ്കിൽ ചീഫ് സേഫ്റ്റി കമ്മിഷണറുടെ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഈ മാസവും കഴിഞ്ഞ മാസവുമായി റിട്ടയർ ചെയ്യുന്ന /ചെയ്ത സേഫ്റ്റി ഓഫീസർ/ ചീഫ് സേഫ്റ്റി ഓഫീസർ/ ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ എന്നിവർക്ക് ആശംസ അറിയിച്ചുകൊണ്ട് ചീഫ് സേഫ്റ്റി കമ്മിഷണർ യോഗ നടപടികൾ 5.00 pm ന് അവസാനിപ്പിച്ചു.

ചീഫ് എഞ്ചിനീയർ (റീസ്, സൗര) & ചീഫ് സേഫ്റ്റി കമ്മീഷണ ർ

പകർപ്പ് സമർപ്പണം : ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ്.സി,എം & സേഫ്റ്റി)

പകർപ്പ് : 1.ഉത്പാദന , പ്രസരണ , വിതരണ വിഭാഗങ്ങളിലെ ചീഫ് എൻജിനീയർമാർ .
2..TA To C.M.D, KSEBL
3. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും.